# കരയാതെ ജീവിച്ച രണ്ട് സുഹൃത്തുക്കൾ

സി.വി. ഗോവിന്ദൻ

എന്റെ അച്ഛൻ (ജ്യോത്സ്യൻ എടപ്പാൾ ശൂലപാണി വാരിയർ) എന്നാണ് ഇടശ്ശേരിയെ പരിചയപ്പെട്ടതെന്നറിയില്ല. ഞാൻ അച്ഛനെ അറിയുമ്പോൾ അച്ഛന്റെ മനസ്സിൽ ഇടശ്ശേരി ഉണ്ടായിരുന്നു.

പൊന്നാനിക്കളരി എന്ന് അറിയപ്പെട്ട സാഹിത്യ സൗഹൃദസംഘത്തിൽ അച്ഛനും ഉണ്ടായിരുന്നു. ജീവിക്കാൻ കവിതമാത്രം പോര എന്ന് ഇടശ്ശേരി അച്ഛനെ ബോധ്യപ്പെടുത്തി. പഠിച്ച ജ്യോതിഷം ഉപയോഗിക്കാനുള്ള ധൈര്യം അച്ഛന് ഉണ്ടായിരുന്നില്ല. അത് വലിച്ചെറിഞ്ഞാലോ എന്ന് പോലും സംശയിച്ചിരുന്നുവത്രെ. ഇടശ്ശേരി അച്ഛനെ പിടിച്ച് നാലപ്പാട്ട് നാരായണ മേനോന്റെ മുന്നിൽ നടതള്ളി. ഒരു കവി ഒരു കവിതക്കമ്പക്കാരനെ മറ്റൊരു കവിയുടെ മുന്നിൽ എത്തിയ്ക്കുകയായിരുന്നു. കവിയശഃപ്രാർത്ഥി തന്റെ കവിത നാലപ്പാട്ട് പൂമുഖത്ത് ഉപേക്ഷിച്ചു. ദാർശനികമായ ഒരവബോധത്തോടെ ജ്യോതിഷം കൈകാര്യം ചെയ്യാൻ ആവശ്യമായ മുത്തുകൾ അവിടെ നിന്ന് പെറുക്കിയെടുത്തു. ഇടശ്ശേരിയും നാലപ്പാടനും കൂടി ശൂലപാണി വാരിയരെ കവിയല്ലാതാക്കി. അച്ഛൻ പിന്നീട് എപ്പോഴെങ്കിലും കവിത എഴുതിയിട്ടുണ്ടാവാം. ഇടശ്ശേരി 'കരണങ്ങൾ' എഴുതിയപോലെ അച്ഛൻ ജാതകങ്ങളെഴുതി. ഞങ്ങളുടെ കുടുംബം ആ മഹാകവിയെ നന്ദിയോടെ ഓർക്കുന്നു.

തന്റെ മുന്നിൽ എത്തിപ്പെടുന്നവർ എഴുത്തുകാരാവണമെന്നല്ല, ഇടശ്ശേരി ആഗ്രഹിച്ചത്, അവർക്കൊക്കെ ഒരു ജീവിതം ഉണ്ടാകണമെന്നാണ്. "കൊടും കടത്തിൻ പ്രഹരത്തിൽ അനുദിനമവമാനപ്പെടും പേടിയോടെ നീറി" എന്നത് കവിയുടെ സ്വന്തം അനുഭവമാവാം. "കടമില്ലിപ്പോൾ, നാളെ കടയിൽ പോകേണ്ടകാശുമില്ലിപ്പോൾ" എന്ന അവസ്ഥയിൽ ഒടുക്കം അദ്ദേഹം എത്തിച്ചേർന്നു. എല്ലാവരും അങ്ങനെയാവണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഞങ്ങൾ ഏതായാലും അങ്ങനെ ഒരു നിലയിലെത്തി.

സ്വതവെ ശൂലപാണി വാരിയർ ആരും പറഞ്ഞാൽ കേൾക്കാത്തവനും ധിക്കാരിയുമാണെന്ന ഒരു ശ്രുതി ഉണ്ടായിരുന്നു. എന്നാൽ ഇടശ്ശേരി എന്ത് പറഞ്ഞാലും അച്ഛൻ അനുസരിക്കുമായിരുന്നു. അന്നൊക്കെ ഇടശ്ശേരി ഞങ്ങളുടെ വീട്ടിൽ ഇടയ്ക്കിടക്ക് വന്നിരുന്നു. എപ്പോൾ വന്നാലും അച്ഛൻ താനിരിക്കുന്ന ചാരുകസേരയിൽ നിന്ന് എഴുന്നേൽക്കുകയും അവിടെ ഇടശ്ശേരിയെ പിടിച്ചിരുത്തുകയും ചെയ്യുമായിരുന്നു. "വാരിയരുടെ കസാല നായർക്കും പാകം" എന്ന ഒരു കവിത അപ്പോൾക്കേൾക്കും; പിന്നെ ഒരു പൊട്ടിച്ചിരിയും.

ഞങ്ങളുടെ വീടിന്റെ കോലായിലിരുന്ന് ഇടശ്ശേരിയും അച്ഛനും പല തവണ ചതുരംഗം കളിച്ചിരുന്നത് എനിക്ക് ഓർമ്മയുണ്ട്. നിലത്ത് ചോക്കുകൊണ്ട് കളം വരച്ച് വാഴയണ മുറിച്ചെടുത്ത കരുക്കൾ നിരത്തി മണിക്കൂറുകളോളം അവർ കളിച്ചിരുന്നു. കളിക്കിടയിൽ അവർ എനിക്ക് അറിയാത്ത എന്തെല്ലാമോ പറഞ്ഞിരുന്നു. കളിക്കപ്പുറത്തുള്ള എന്തോ കാര്യമായിരിക്കണം. ഒടുവിൽ ഇരുവരും തോൽക്കാതെ കളി തീരു

മ്പോൾ അവരുടെ മുഖത്ത് പുതിയൊരു പ്രകാശം ഉണ്ടായിരുന്നു.

ഞങ്ങളുടെ കൊച്ചനിയത്തി മൂന്നാമത്തെയോ നാലാമത്തേയോ വയസ്സിൽ മരിച്ചു. അച്ഛനന്ന് വല്ലാതെ ബഹളം വെയ്ക്കുകയും ഏതാണ്ടൊരു ഉന്മാദാവസ്ഥയിൽ എത്തുകയും ചെയ്തു. അന്ന് സന്ധ്യക്ക് ഇടശ്ശേരി വീട്ടിൽ വന്നു. ഏതാണ്ടൊരു പത്തുമണിവരെ അവർ സംസാരിച്ചിരുന്നു. രാത്രി ഒടുക്കത്തെ ബസ്സിൻ ഇടശ്ശേരിക്ക് പൊന്നാനിക്ക് പോകേണ്ടിയിരുന്നു. വൈദ്യുതി ഇല്ലാത്ത അന്ന് ഒരു ചൂട്ട് കത്തിച്ചെടുത്ത് ഇടശ്ശേരി ഇറങ്ങിപ്പോകുമ്പോൾ അച്ഛൻ സാധാരണ നിലയിലെത്തിയിരുന്നു. അദ്ദേഹത്തിനന്ന് ബസ്സ് കിട്ടിയോ എന്നെനിക്കറിയില്ല. ഒരു പക്ഷേ അദ്ദേഹം പൊന്നാനി വരെ നടന്നിരിക്കാം. ഇടശ്ശേരി ഞങ്ങളുടെ വീട്ടിൽ എന്തോ ജാലവിദ്യ പ്രയോഗിച്ചു എന്ന് തോന്നുന്നു.

ഇടശ്ശേരി ഇടക്കൊക്കെ അച്ഛനോട് കവിടിസ്സഞ്ചിയുമായി അദ്ദേഹത്തിന്റെ വീട്ടിലേക്ക് ചെല്ലാൻ പറഞ്ഞിരുന്നു. അവിടേയുമുണ്ടാവുമല്ലോ ചില സങ്കടങ്ങൾ. അത്തരം സന്ദർഭങ്ങളിൽ അച്ഛനവർക്ക് സാന്ത്വനം കൊടുത്തിട്ടുണ്ടാവണം. അദ്ദേഹത്തിന്റെ എല്ലാ മക്കളുടേയും ജാതകം അച്ഛനാണ് എഴുതിയത്.

ഇടശ്ശേരി ഹനുമാന്റെ ഉപാസകനായിരുന്നുവെന്ന് തോന്നുന്നു. "ഭവദുന്നത സ്വരൂപമെൻ ധ്യാനത്തിൽ തെളിയാവൂ" എന്ന് പ്രാർത്ഥിക്കുന്നുമുണ്ട്. കവി ഹനുമാനോട് പറയുന്നു:

"എൻ ദുര, ചിരംജീവിയാകുവാനല്ലോ കനി-
ഞ്ഞെങ്കൽച്ചേർത്താലും ഗുരോ, സേവന മന്ത്രാക്ഷരം"

അദ്ദേഹം അച്ഛനടക്കം ഒരു പാടാളുകളെ സഹായിച്ചുകൊണ്ടാണ് സേവനം ചെയ്തത്. ഹനുമാനെപ്പോലെ ഒതുങ്ങിനിന്ന് പ്രവർത്തിച്ചതുകൊണ്ട് അത് പലരും അറിഞ്ഞില്ലെന്ന് മാത്രം.

സേവനമന്ത്രാക്ഷരം ജപിച്ച് നടന്ന ആ മഹാമനുഷ്യൻ ഞങ്ങളെ മാത്രമല്ല, മറ്റു പലരേയും സഹായിച്ചു. ആ സഹായം നിരുപാധികവും സ്വകാര്യവുമായിരുന്നു. പുറത്ത് പറയരുതെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇതിലൊക്കെ എന്തിരിയ്ക്കുന്നു എന്നതായിരുന്നു, അദ്ദേഹത്തിന്റെ ഭാവം.

ഇടശ്ശേരിയും അച്ഛനും കവിതയെപ്പറ്റി ഏറെയൊന്നും സംസാരിച്ചിട്ടുണ്ടാവില്ല. ജീവിതം ചിട്ടപ്പെടുത്താനുള്ള വഴികളാണ് അച്ഛൻ അദ്ദേഹത്തിൽനിന്ന് അറിഞ്ഞത്. കവിതയേക്കാൾ വലുതാണ് ജീവിതമെന്ന് ഇരുവർക്കും ബോധ്യമുണ്ടായിരുന്നു. എന്നാൽ "വിടില്ല ഞാനീരശ്മികളെ' എന്ന കാവ്യബോധം ഇരുവരുടേയും മനസ്സിൽ പച്ചപിടിച്ച് നിന്നിരുന്നു. ആദ്യകാലത്ത് ഏതാനും കവിതകൾ മാത്രമെഴുതിയ അച്ഛൻ മരണംവരെ മനസ്സിൽ കവിത കൊണ്ടുനടന്നിട്ടുണ്ട്. അച്ഛന്റെ ജാതകവിചാരവും പ്രശ്നചിന്തയുമൊക്കെ കാവ്യാത്മകമായിരുന്നു.

കൊല്ലാൻ വരുന്ന നരിയെ ബുദ്ധപ്രതിമകൊണ്ടായാലും തല്ലിക്കൊല്ലാൻ ഇടശ്ശേരി മടിച്ചില്ല. നരിയെകൊന്നു കഴിഞ്ഞ് അതിനെപ്പറ്റി ദുഃഖിയ്ക്കുന്നുമില്ല. ഓരോ സന്ദർഭത്തിലും ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി ഇടശ്ശേരിക്ക് തീർപ്പുകളുണ്ടായിരുന്നു. ജീവിതയുദ്ധത്തിൽ അദ്ദേഹം പകച്ചുനിന്നില്ല. തന്റേയും കുടുംബത്തിന്റേയും കവിത

യുടേയും അതിജീവിനത്തിനുവേണ്ടത് അതാത് സമയത്തുതന്നെ ചെയ്തു. ആ മനോഭാവം ഇടശ്ശേരിയിൽ നിന്ന് അച്ഛനും പകർത്തിയെടുത്തു.

അതാത് സമയത്ത് ശരിയായ കാര്യം ചെയ്യുക. പിന്നീട് തെറ്റാണെന്ന് വ്യാഖ്യാനിക്കപ്പെടുമോ എന്ന് ആശങ്കപ്പെടാതിരിയ്ക്കുക - ഇതായിരുന്നു, കാഴ്ചപ്പാട്. "ക്ഷുദ്രം ഹൃദയദൗർബല്യം" എന്ന് പറഞ്ഞ ശ്രീകൃഷ്ണഭഗവാനെപ്പറ്റി വലിയൊരു കാവ്യം എഴുതാൻ ഇടശ്ശേരി മോഹിച്ചിരുന്നുവത്രെ. ആ മോഹം "ഉണ്ണികൃഷ്ണനോട്" എന്ന കവിതയിൽ ഒതുക്കി നിർത്തിയതാവാം. "മലിനമായ കൈയും വേർപ്പാലങ്കിതമായ മാറിട" വുമാണ് തനിക്കുള്ളത്. അതുകൊണ്ടാണത്രെ, ഉണ്ണികൃഷ്ണന് താൻ ഉചിതനാവുന്നത്. നിരന്തരമായ അധ്വാനമാണ് ഈശ്വരവിചാരം. അധ്വാനിച്ച് വിജയം വരിച്ചതിന്റെ മാതൃകയാണ് ഇടശ്ശേരി.

ഇടശ്ശേരിയുടെ കവിതകളിൽ കണ്ണീര് കാണാനാവില്ല. (അതദ്ദേഹം തന്റെ ശിഷ്യന് വിട്ടുകൊടുത്തതാവാം) സങ്കടപ്പെട്ടിരിക്കുക തന്റെ സ്വഭാവമല്ല. ആത്മഹത്യ പോലും പുഞ്ചിരിയാൽ ദീപ്തമായ അന്തരംഗത്തോടെയാണ് (വിവാഹസമ്മാനം) ഏത് സമസ്യയേയും സമാധാനപരമായി പരിഹരിയ്ക്കാനാണ് അദ്ദേഹം ശ്രമിച്ചത്. മനുഷ്യമനസ്സിനെ സ്ഥിതപ്രജ്ഞതയിലേക്ക് നയിച്ചു. ഇടശ്ശേരിയുമായി ഇടപെട്ട എല്ലാവരുടേയും അനുഭവമാണിത്. ജീവിതം സർഗ്ഗാത്മകവും കർമ്മോന്മുഖവുമാക്കാൻ അദ്ദേഹം സുഹൃത്തുക്കളെ പരിശീലിപ്പിച്ചു. ആ പാഠമാണ് അച്ഛൻ ഇടശ്ശേരിയിൽ നിന്ന് പകർത്തിയത്.

ഏതാണ്ടൊന്ന് മുതിർന്നപ്പോൾ എല്ലാ ഞായറാഴ്ചകളിലും ഉച്ചക്കുശേഷം പൊന്നാനിയിൽ പുത്തില്ലത്തെ തിണ്ണയിൽ ചെന്നിരിക്കുക എന്നത് ഞാനും പതിവാക്കി. കവിതയെപ്പറ്റിയും സാഹിത്യത്തെപ്പറ്റിയും പറഞ്ഞു തുടങ്ങും. പിന്നീടത് ജീവിതപാഠങ്ങളായി മാറും. ഞങ്ങളുടെ കുടുംബത്തിൽ എന്റെ പങ്ക് എന്തായിരിക്കണം എന്ന് ഇടശ്ശേരി എന്നെ ബോധ്യപ്പെടുത്തി. സന്ദേഹങ്ങളിലേയ്ക്കല്ല, തീർപ്പുകളിലേയ്ക്കാണ് അദ്ദേഹമെന്നെ നയിച്ചത്.

ഒരിക്കൽ ഞാനവിടെ ചെന്നപ്പോൾ എന്റെ കണ്ണിൽ അൽപം കലക്കവും വേദനയും ഉണ്ടായിരുന്നു. പിടിച്ച പിടിയാലേ അദ്ദേഹമെന്നെ ഡോ. അച്ചുതമേനോന്റെ മുന്നിൽ ഹാജരാക്കി. മരുന്നുകൾ വാങ്ങിത്തന്നിട്ടേ അദ്ദേഹമെന്നെ വീട്ടിലേയ്ക്ക് വിട്ടുള്ളൂ.

ഇടശ്ശേരി പൊന്നാനിയിൽ ജീവിച്ചു. പൊന്നാനിക്കളരിയുടെ ആശാൻ എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടു. എന്നാൽ ഇടശ്ശേരി പൊന്നാനിയിൽ ഒതുങ്ങിനിന്ന ആളല്ല. സ്വാഭാവികമായും അദ്ദേഹവുമായി ബന്ധപ്പെട്ടത് പൊന്നാനിക്കാർ തന്നെ. പൊന്നാനിക്കാരും അവിടെയുള്ള ആളുകളും കവിതയിലെ ബിംബങ്ങളുമായിട്ടുണ്ടാവാം. അദ്ദേഹം മനുഷ്യനെ സമഗ്രതയിലാണ് കണ്ടത്. പൊന്നാനിയിലെ ചകിരിക്കുഴികൾ ചൂണ്ടിക്കാണിച്ച് അദ്ദേഹം പറഞ്ഞത് എല്ലാ തൊഴിലാളികളേയും പറ്റിയാണ്. ഇടശ്ശേരിയുടെ അമ്മയും പെങ്ങളും കുട്ടികളും കൃഷിക്കാരുമൊക്കെ എല്ലായിടത്തുമുള്ളവരാണ്. പൊന്നാനി എന്ന കവിതയിൽ പോലും എല്ലായിടത്തും അടിത്തട്ടിൽ കഴിയുന്നവരെക്കുറിച്ചാണ് അദ്ദേഹം വ്യാകുലപ്പെട്ടത്. പൊന്നാനിക്കളരി എന്നതിന്നർത്ഥം ഇടശ്ശേരിക്കളരി എന്നാണ്. ലോകത്താകമാനമുള്ള മനുഷ്യന്റെ വ്യഥകൾ അദ്ദേഹം

പൊന്നാനിയിലൂടെ കണ്ടു. ഇടശ്ശേരിക്ക് പൊന്നാനി ഒരു ദൂരദർശിനിയായിരുന്നു.

മഹിതമായാലും മറിച്ചായാലും മനുഷ്യന്റെ ഭാവങ്ങൾ കമനീയമാണെന്ന് പറഞ്ഞത് പ്രപഞ്ചമാകെ പടർന്ന ജീവബോധത്തെക്കുറിച്ചാണ്. അദ്ദേഹത്തിന്റെ അമ്മ പ്രകൃതി തന്നെ. ഇത്തരമൊരു മനുഷ്യബോധമാണ് ഇടശ്ശേരിയും അച്ഛനും ഞങ്ങൾക്ക് പകർന്നു തന്നത്.

അച്ഛൻ സാമ്പ്രദായികമായ രീതിയിൽ ഗുരുനാഥന്മാരിൽ നിന്ന് ജ്യോതിഷപാഠങ്ങൾ ഉരുവിട്ട് പഠിച്ചു. ഇടശ്ശേരി വഴി നാലാപ്പാടനിലെത്തിയപ്പോൾ അതിന്റെ ദാർശനികമായ പരിപ്രേക്ഷ്യം അച്ഛനറിഞ്ഞു. മാനവീയമായ കാഴ്ചപ്പാടിലൂടെ ജ്യോതിഷം കൈകാര്യം ചെയ്യാനും സങ്കടനിവാരണത്തിനുള്ള ഉപാധിയായി അത് ഉപയോഗിയ്ക്കാനും ഇടശ്ശേരിയുമായുള്ള സമ്പർക്കത്തിലൂടെ അച്ഛന് കഴിഞ്ഞു. തന്റെ മുന്നിലെത്തുന്ന മനുഷ്യന് ഊർജം പകർന്നുകൊടുക്കാനുള്ള വെളിച്ചമായിരുന്നു, അച്ഛന് ജ്യോതിഷം. ജ്യോതിഷി എന്ന നിലയിൽ വേറിട്ടൊരു വ്യക്തിത്വം ശൂലപാണി വാരിയർ കാത്തുസൂക്ഷിച്ചു.

ഇടശ്ശേരി കവിതയിലൂടെ ശക്തനായ മനുഷ്യന്റെ ജാതകം കുറിച്ചു. അച്ഛൻ ജാതക വിചാരത്തിലൂടെ മനുഷ്യന്റെ ജീവിതത്തിലേയ്ക്ക് ശക്തിയുടെ കവിത പകർന്നുകൊടുത്തു.

കരയാതെ ജീവിയ്ക്കണമെന്നായിരുന്നു, ഇരുവരുടേയും വാശി. അവർ അന്യോന്യം പറഞ്ഞിരിക്കണം:

"നമുക്കാമോ, വേർപിരിയാൻ
ഹരേ, തമ്മിൽ പിണങ്ങിയും
ശഠിച്ചും മുറിവേൽപിച്ചും
മുറുകെപൂണ്ടുനിൽപ്പവർ"

***

സി.വി. ഗോവിന്ദൻ
സൗപർണിക
തലമുണ്ട
എടപ്പാൾ - 679 576
ഫോൺ: 9539063636